പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 929

10.02.2016 ന് മറുപടിയ്ക്ക്.

## പടിയൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഐ.റ്റി.ഐ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഐ.റ്റി.ഐ. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; | (എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യത പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കണ്ണൂർ ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, ആയത് പരിശോധിച്ച് ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) പുതിയ ഐ.റ്റി.ഐ.യിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;<br><br>(സി) ഓരോ കോഴ്സിനും എത്ര ബാച്ചുകൾ വീതമുണ്ട്; ഓരോ ബാച്ചിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കും;<br><br>(ഡി) പുതിയ ഐ.റ്റി.ഐ. ആരംഭിക്കുന്നതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എത്ര തസ്തികകൾ ; ഏതെല്ലാം;<br><br>(ഇ) പുതിയ ഐ.റ്റി.ഐ. ആരംഭിക്കുന്നതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചില്ലെങ്കിൽ, അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ? | (ബി), (സി), (ഡി) & (ഇ) സാധ്യത പഠന റിപ്പോർട്ട് പരിശോധിച്ച് അവിടെ ലഭ്യമായ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തിയശേഷം കോഴ്സുകൾ ആരംഭിക്കുന്നതു സംബന്ധിച്ച വിഷയത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ